"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്- പ്ലാനിംഗ്-ജീവനക്കാര്യം-ശ്രീമതി.ജിജി ഭാസ്കരൻ പി. ഡെപ്യൂട്ടി ടൗൺ പ്ലാനർ നിയമനത്തിനായി കാത്തുനിന്ന കാലയളവ് ഡ്യൂട്ടിയായി ക്രമീകരിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ(ഇഡബ്ല്യുബി) വകുപ്പ്

സ.ഉ.(സാധാ) നം.2368/2024/LSGD തീയതി,തിരുവനന്തപുരം, 05-12-2024

പരാമർശം:-
1. സ.ഉ(സാധാ) നം.1969/2022/തസ്വഭവ തീയതി. 12.08.2022
2. സ.ഉ.(സാധാ) നം. 543/2024/തസ്വഭവ തീയതി.6.3.2024
3. 16.3.2024 തീയതിയിൽ ശ്രീമതി. ജിജി ഭാസ്കരൻ പി. സമർപ്പിച്ച അപേക്ഷ
4. പ്രിൻസിപ്പൽ ഡയറക്ടറുടെ 12.09.2024-ലെ LSGD/PD/1241/2024-DEA5 നമ്പർ കത്ത്.

ഉത്തരവ്

ശ്രീമതി. ജിജി ഭാസ്കരൻ. പി, ഡെപ്യൂട്ടി ടൗൺ പ്ലാനർക്ക് മൈസൂർ യൂണിവേഴ്സിറ്റിയ്ക്ക് കീഴിലുള്ള School of Planning and Architecture എന്ന സ്ഥാപനത്തിൽ നിന്നും എം.ടെക് ചെയ്യുന്നതിനായി 10.02.2022 മുതൽ 16.02.2024 വരെ, ടി കാലയളവ് ഇൻക്രിമെന്റ്,ഹയർഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നീ സേവനാനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ലായെന്ന വ്യവസ്ഥയിൽ കെ.എസ്.ആർ. ഭാഗം I, ചട്ടം 88 പ്രകാരം പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ച് പരാമർശം ( 1 ) ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

ശൂന്യവേതനാവധി അനുവദിച്ചിരുന്ന കാലയളവിനുമുമ്പായി കോഴ്സ് പൂർത്തിയാക്കിയതിനാൽ തുടർന്നുള്ള ദിവസങ്ങളിലെ ശൂന്യവേതനാവധി റദ്ദ് ചെയ്ത് നിയമനം നൽകണമെന്ന് ടിയാൾ ആവശ്യപ്പെടുകയും, തുടർന്ന് പരാമർശം (2) പ്രകാരം ശ്രീമതി. ജിജി ഭാസ്കരന് പാലക്കാട് ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ നിയമനം നല്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയും, 12.03.2024-ന് ടിയാൾ ജോലിയിൽ പ്രവേശിക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീമതി. ജിജി ഭാസ്കരൻ പി. വകുപ്പിൽ നിയമനത്തിനായി കാത്തിരുന്ന 29.01.2024 മുതൽ 11.03.2024 വരെയുള്ള കാലയളവ് ഡ്യൂട്ടിയായി ക്രമീകരിക്കണമെന്ന് ആവശ്യപ്പെട്ട് പരാമർ ശം (3) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (4) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി ജിജി ഭാസ്കരൻ പി. (പെൻ: 745142) - യ്ക്ക് 10/2/2022 മുതൽ 16/02/2024 വരെയുള്ള കാലയളവിലേയ്ക്ക് പഠനാവശ്യത്തിന് അനുവദിച്ച് നൽകിയ ശൂന്യവേതനാവധിയിൽ, ഉപയുക്തമാക്കാത്ത 29/01/2024 മുതൽ 16/02/2024 വരെയുള്ള കാലയളവ് റദ്ദ് ചെയ്ത് കൊണ്ടും, ടിയാളുടെ ഡെപ്യൂട്ടി ടൗൺ പ്ലാനർ, നിയമനത്തിനായി കാത്തിരുന്ന 29/01/2024 മുതൽ 11/03/2024 വരെയുള്ള കാലയളവ് കെ.എസ്.ആർ ഭാഗം Iലെ ചട്ടം 12(7) ന് ചുവടെയുള്ള കുറിപ്പ് 4 പ്രകാരം ഡ്യൂട്ടിയായി ക്രമീകരിച്ച് നൽകിക്കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUMI SANDIPIKA G MASTERLY
അണ്ടർ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
2. ചീഫ് ടൗൺ പ്ലാനർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
3. ശ്രീമതി.ജിജി ഭാസക്കരൻ പി, ഡെപ്യൂട്ടി ടൗൺ പ്ലാനർ, തദ്ദേശ സ്വയംഭരണ വകുപ്പ്( തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), തിരുവനന്തപുരം
5. വെബ്&ന്യൂ മീഡിയ, ഐ.& പി.ആർ.ഡി
6. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
7. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Keerthi K P
സെക്ഷൻ ഓഫീസർ
Date: 05-12-2024 11:55:51